(ബി) അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി.) പൂർണ്ണവിവരം ശേഖരിച്ചുവരുന്നതേയുള്ളു. 1984 വരെയുള്ള വിവരങ്ങൾ ഇതോടനുബന്ധിച്ചുള്ള പട്ടികയിൽ നൽകിയിട്ടുണ്ട്. †

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

16 [21] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് തീരുമാനമെടുത്തത് ;

(സി) ഇത് സംബന്ധിച്ച് ഗവൺമെൻറ് ജീവനക്കാരുടെ അഭിപ്രായം എന്താണെന്ന് അന്വേഷിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21-3-1985.

(സി) ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകൾ

17. [22] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനജീവനക്കാർക്കുവേണ്ടി രൂപീകരിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകളുടെ ഘടനയും മറ്റു വിവരങ്ങളും വ്യക്തമാക്കുമോ ;

(ബി) ഈ ട്രൈബ്യൂണലുകൾ സംസ്ഥാനത്ത് എവിടെയെല്ലാം എന്നു മുതൽ നടപ്പിലാക്കും ?

ഉത്തരം

(എ) ട്രൈബ്യൂണലിന്റെ ഓരോ ബഞ്ചിലും ഒരു ജുഡീഷ്യൽ മെമ്പറും ഒരു അഡ്മിനിസ്ട്രേറ്റീവ് മെമ്പറും ഉണ്ടായിരിക്കും. ഹൈക്കോടതി ജഡ്ജിയേയോ ഹൈക്കോടതി മുൻജഡ്ജിയെയോ ഹൈക്കോടതി ജഡ്ജി ആകാൻ യോഗ്യതയുള്ള ആളിനേയോ ആണ് ജുഡീഷ്യൽ മെമ്പറായി നിയമിക്കുന്നത്. സുപ്രീംകോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച ശേഷമായിരിക്കും ജുഡീഷ്യൽ മെമ്പറെ നിയമിക്കുക. കേന്ദ്രഗവൺമെൻറിൽ മൂന്നുവർഷമെങ്കിലും ജോയിൻറ് സെക്രട്ടറി തസ്തികയിലോ അഥവാ സംസ്ഥാന ഗവൺമെൻറിൽ മൂന്നുവർഷമെങ്കിലും സെക്രട്ടറി തസ്തികയിലോ ജോലി നോക്കിയിട്ടുള്ള ആളായിരിക്കും അഡ്മിനിസ്ട്രേറ്റീവ് മെമ്പർ ആയി നിയമിക്കപ്പെടുക.

ഹൈക്കോടതി ജഡ്ജിയായോ ഹൈക്കോടതി മുൻജഡ്ജിയായോ കേന്ദ്ര ഗവൺമെൻറ് സെക്രട്ടറിയായി രണ്ടുവർഷമോ അഥവാ സംസ്ഥാന ചീഫ്

† അനുബന്ധം—IV.

LIBRARY ARCHIVES Kerala Legislative Assembly